**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 410** **23-08-2022 - ൽ മറുപടിയ്ക്ക്**

**മക്ഡവൽ മദ്യനിർമ്മാണ ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ചേർത്തലയിൽ മക്ഡവൽ മദ്യനിർമ്മാണ ഫാക്ടറിക്കായി എത്ര ഭൂമിയാണ് സർക്കാർ നൽകിയിട്ടുള്ളത്; വെളിപ്പെടുത്തുമോ; | (എ) | എക്സൈസ് വകുപ്പിൽ ലഭ്യമായ രേഖകൾ പ്രകാരം യുണൈറ്റഡ് സ്പിരിറ്റ്സ് ലിമിറ്റഡ് (മാക്ഡവൽസ്) കമ്പനിയ്ക്ക് 14 ഏക്കർ 50 സെന്റ് 230 സ്ക്വയർ മീറ്റർ ഭൂമി പതിച്ച് പട്ടയം നൽകിയിട്ടുള്ളതായും, 2 ഏക്കർ 69 സെന്റ് 26 സ്ക്വയർ ലിംഗ്സ് ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതായും കാണുന്നു. |
| (ബി) | എത്ര വർഷത്തേക്ക്, എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ആണ് ഭൂമി നൽകിയിട്ടുള്ളത്; അറിയിക്കുമോ; | (ബി) | എക്സൈസ് വകുപ്പിൽ ലഭ്യമായ രേഖകൾ പ്രകാരം യുണൈറ്റഡ് സ്പിരിറ്റ്സ് ലിമിറ്റഡ് (മാക്ഡവൽസ്) കമ്പനിയ്ക്ക് 2 ഏക്കർ 69 സെന്റ് 26 സ്ക്വയർ ലിംഗ്സ് ഭൂമി 1999 വരെ 332/- രൂപാ നിരക്കിൽ പാട്ടത്തിന് നൽകിയിരുന്നതായും, ആയതിനു ശേഷം പാട്ട നിരക്ക് മാർക്കറ്റ് വാല്യുവിന്റെ അടിസ്ഥാനത്തിൽ 6,45,912/- രൂപയാക്കി ഉയർത്തിയതായും കാണുന്നു. |
| (സി) | ഈ ഭൂമിയുടെ പാട്ടത്തുക എത്രയാണ്; പാട്ടത്തുക കുടിശ്ശിക ആയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | എക്സൈസ് വകുപ്പിലെ ലഭ്യമായ രേഖകൾ പ്രകാരം പാട്ട തുക 6,45,912/- രൂപയാണ്. അതിനെതിരെ കമ്പനി, ഒ. പി. 12504/2000 നമ്പരായി ബഹു കേരള ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്തിരുന്നു. പാട്ടവസ്തുവിൽ മുൻകൂർ അനുമതിയില്ലാതെ അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ചതിനാൽ ആലപ്പുഴ ജില്ലാ കളക്ടർ പാട്ടവസ്തു തിരികെ എടുക്കുവാൻ ഉത്തരവിട്ടിരുന്നു. അതിനെതിരെ ടി കമ്പനി ബഹു: ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 2665/20 നമ്പർ കേസിൽ, 30.01.2020 ൽ പുറപ്പെടുവിച്ച വിധിയിൽ പൂർവ്വസ്ഥിതി തുടരുവാൻ ഉത്തരവായിരുന്നു. |
| (ഡി) | ഫാക്ടറി പ്രവർത്തിക്കാത്ത സ്ഥിതിയിൽ എത്തിയിട്ട് എത്ര കാലമായി; അറിയിക്കാമോ; | (ഡി) | 2015 ഓഗസ്റ്റ് 1 മുതൽ കമ്പനി പ്രവർത്തിക്കുന്നില്ല. |
| (ഇ) | പ്രവർത്തനം നിലച്ച സാഹചര്യത്തിൽ ഫാക്ടറി സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ | (ഇ) | ടി ഭൂമി സർക്കാർ ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | കഴിയില്ലേ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ